പരിശോധന നടത്തും. ഏതെങ്കിലും ഫോറസ്റ്റ് ഉദ്യോഗസ്ഥൻ ആരുടെയെങ്കിലും സ്വാധീനത്തിനു വിധേയമായിട്ടായാലും അവർ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ അതേപ്പറ്റി അന്വേഷിക്കും. നടപടിയെടുക്കും. ആദിവാസികളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി രാധാകൃഷ്ണനും ഞാനുമായി ചർച്ച ചെയ്ത് അതു സംബന്ധിച്ച എല്ലാ നടപടികളും സ്വീകരിക്കാനുള്ള തീരുമാനമായിട്ടുണ്ട്. ആദിവാസികളുടെ കാര്യത്തിൽ ഉത്കണ്ഠ വേണ്ട.

(9) കുഴൽമന്ദം നിയോജകമണ്ഡലത്തിലെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതിനെ സംബന്ധിച്ച്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, എന്റെ നിയോജകമണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന എരിമയൂർ, തരൂർ ഗ്രാമ പഞ്ചായത്തുകളിൽ ഗായത്രി പുഴ സ്രോതസ്സായി കണ്ടു കൊണ്ട് എരുമയൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്കും തരൂർ പഞ്ചായത്തിലെ തരൂർ സെക്കൻഡ് വില്ലേജ് കേന്ദ്രീകരിച്ചും ഒരു ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് നൽകിയിട്ട് വർഷങ്ങളായി. അതുപോലെതന്നെ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ നടുവത്തുപ്പാറ, കുത്തന്നൂർ പഞ്ചായത്തിലെ തോലന്നൂർ, തരൂർ പഞ്ചായത്തിലെ നെയ്ച്ചൂർ എന്നീ ഊരുകളെ ബന്ധിപ്പിച്ചുകൊണ്ട് ഭാരതപ്പുഴ സ്രോതസ്സാക്കിക്കൊണ്ടുള്ള ഒരു പദ്ധതിക്ക് ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതാണ്. അതെല്ലാം ഇനി സർക്കാരിന്റെ കനിവ് തേടി കിടക്കുകയാണ്. അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന എന്റെ മണ്ഡലത്തിൽ വലിയ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെയില്ല. അതുകൊണ്ട് ഈ പദ്ധതികൾ അടിയന്തിരമായി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, എരിമയൂർ വില്ലേജിലെ 13790 ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഒരു കുഴൽ കിണറും ഗായത്രി പുഴയും സ്രോതസ്സായ ഈ പദ്ധതിയുടെ മതിപ്പ് ചെലവ് 275 ലക്ഷം രൂപയാണ്. നൂറു ശതമാനവും കേന്ദ്ര സഹായത്തിലാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പാക്കാൻ 97-ലും 98-ലും കൂടിയ എ.ആർ.പി. സാങ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കും അംഗീകാരത്തിനും സമർപ്പിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത പദ്ധതി പ്രദേശത്ത് ഒരു ശുദ്ധജലവിതരണ പദ്ധതി ഉള്ളതിനാലും മറ്റ് ആറു വാർഡുകളിലും രാജീവ് ഗാന്ധി സർവേ പ്രകാരം ഭാഗികമായി ജലവിതരണമുള്ളതിനാലും പ്രസ്തുത പദ്ധതിക്കു അംഗീകാരം ലഭിച്ചില്ല. യാതൊരു വിധത്തിലും ശുദ്ധജല വിതരണമില്ലാത്ത വാർഡുകൾക്ക് മുൻതൂക്കം നൽകിയാണ് സാങ്ഷനിംഗ് കമ്മിറ്റി ഈ ശുദ്ധജലവിതരണ പദ്ധതികൾക്ക് അംഗീകാരം നൽകിയിരിക്കുന്നത്. 99-ലെ സാങ്ഷനിംഗ് കമ്മിറ്റിയിലും ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ല. നിലവിലുള്ള വാർഡുകളെല്ലാം ഭാഗീകമായി ജലവിതരണമുള്ള വാർഡുകളായി മാറിയതിനുശേഷമേ ഇതിനു മുൻഗണന ലഭിക്കുകയുള്ളൂ. മുൻഗണനാ ക്രമം അനുസരിച്ചാണ് ഈ പദ്ധതിക്ക് അംഗീകാരം നേടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തരൂർ വില്ലേജിലെ പ്രസ്തുത പദ്ധതിയും 100% കേന്ദ്ര സഹായത്തിലാണ് വിഭാവന ചെയ്തിരിക്കുന്നത്. 275 ലക്ഷം രൂപയാണ് ഇതിന്റെ മതിപ്പ് ചെലവ്. പ്രസ്തുത പദ്ധതി 1999-ൽ കൂടിയ സാങ്ഷ

LIBRARY ARCHIVES Kerala Legislative Assembly

നിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു. പ്രസ്തുത പദ്ധതിയുടെ ആറു വാർഡുകളിൽ അഞ്ചെണ്ണത്തിലും ശുദ്ധജല ലഭ്യത കുറവായതിനാൽ ഈ പദ്ധതിക്ക് അംഗീകാരം നൽകണമെന്നാണ് കമ്മിറ്റി ശുപാർശ ചെയ്തത്. ഇതിന് എത്രയും വേഗം അംഗീകാരം ലഭ്യമാക്കാൻ കഴിയുമെന്ന് കരുതുന്നു. കുഴൽമന്ദം നിയോജകമണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി, കുത്തന്നൂർ, തരൂർ എന്നീ വില്ലേജുകൾക്കുവേണ്ടിയുള്ള ഒരു ശുദ്ധജല വിതരണ പദ്ധതി യുടെ സർവേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ചൂലന്നൂർ, തോലന്നൂർ എന്നീ സ്ഥലങ്ങളും ഈ പദ്ധതി പ്രദേശങ്ങളിൽപ്പെട്ടതാണ്. ഈ പദ്ധതിക്ക് വിശദ മായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ നടപടി സ്വീക രിച്ചുവരികയാണ്.

(10) മാള നിയോജകമണ്ഡലത്തിലെ വാളൂർ-കൊരട്ടി റോഡിന്റെ പണി

ശ്രീ. യു.എസ്. ശശി : സർ, മാള നിയോജകമണ്ഡലത്തിൽപ്പെടുന്ന അന്നമനട പഞ്ചായത്തിലെ വാളൂർ-കൊരട്ടി റോഡ് സഞ്ചാരയോഗ്യമാക്കണ മെന്നാണ് എന്റെ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. വാളൂർ-കൊ രട്ടി റോഡിന് 52 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പണി തുടങ്ങിയ താണ്. മെറ്റലിംഗ് ഉൾപ്പെടെയുള്ള പണികൾ കഴിഞ്ഞു കിടക്കുകയാണ്. ടാറിംഗ് പണികൾ നടത്താത്തതുമൂലം മെറ്റൽ ഇളകി കിടക്കുന്നു. ഇതുമൂലം വഴിയാത്രക്കാർക്കുപോലും സഞ്ചരിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. നടന്ന പണികളുടെ സംഖ്യ കോൺട്രാക്ടർക്കു കൊടുക്കാത്തതുകൊണ്ടാണ് ഈ റോഡിന്റെ ടാറിംഗ് പണികൾ നടത്താൻ തയ്യാറാകാതെ വന്നത്. ഈ റോഡിലൂടെയുള്ള വാഹന ഗതാഗതം പോലും നിരോധിച്ചിരിക്കുകയാണ്. ഈ റോഡ് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെ ന്നാണ് സർക്കാരിനോട് ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, വാളൂർ-കൊരട്ടി റോഡിന് 13 ലക്ഷം രൂപ ജൂൺ മാസത്തിൽ കൊടുത്തി ട്ടുണ്ട്. ഈ റോഡ് വില്ലേജ് റോഡ് ഗണത്തിൽപ്പെടുന്നതാണ്. ഒരു മെറ്റലിംഗ് കഴിഞ്ഞു. രണ്ടാമത്തെ മെറ്റലിംഗും ടാറിംഗും കൂടി എത്രയും പെട്ടെന്ന് നട ത്താൻ നിർദ്ദേശം കൊടുക്കാം.

(11) വലിയ പെരുംപുഴപാലത്തിന്റെ പുനർ നിർമ്മാണം

ശ്രീ. എം. മുരളി : സർ, നാലുകോടി രൂപ നിർമ്മാണചെലവു വരുന്ന മദ്ധ്യ തിരുവിതാംകൂറിന്റെ വികസനത്തിൽ ഒരു നാഴികക്കല്ലായ കൊല്ലം, കോട്ടയം ജില്ലകളെയും നാഷണൽ ഹൈവേയേയും എം.സി. റോഡിനെയും ഏറ്റവും കുറഞ്ഞ ദൂരം കൊണ്ട് ബന്ധിപ്പിക്കാൻ കഴിയുന്ന മാവേലിക്കരയിലെ വലിയ പെരുമ്പുഴ പാലത്തിന്റെ പുനർനിർമ്മാണം കരാറുകാരന് യഥാസമയം പണം നൽകാതിരുന്നതിനാൽ മന്ദീഭവിച്ചിരിക്കുകയാണ്. ഈ സുപ്രധാനമായ പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ പണം സർക്കാർ ലഭ്യമാക്കണം. പാലം പണി ഒരു കാരണവശാലും ഇനി നിറുത്തിവയ്ക്കാൻ ഇട നൽകരുത് എന്നാണ് സർക്കാരിനോട് അഭ്യർത്ഥിക്കുന്നത്. മദ്ധ്യ തിരുവിതാംകൂറിന്റെ ഗ്രാമീണ മേഖലയുടെ വികസനത്തിനുള്ള ഈ സുപ്രധാനമായ പാലത്തിന്റെ നിർമ്മാണത്തിന് ധനസഹായം ചെയ്യാൻ നബാർഡ് തയ്യാറാണ്. ഞാൻ നബാർഡിന്റെ ആസ്ഥാനമായ ബോംബെയിൽ രണ്ടു പ്രാവശ്യം പോയി.

LIBRARY ARCHIVES Kerala Legislative Assembly